'ഭരണഭാഷ- മാതൃഭാഷ'

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4145 | 24.06.2019 ൽ മറുപടിയ്ക്ക്

## വൈക്കം നിയോജകമണ്ഡലത്തിലെ കാവും കളവും സംരക്ഷിക്കൽ പദ്ധതി

| ചോദ്യം<br>ശ്രീമതി സി.കെ.ആശ | | മറുപടി<br>അഡ്വ.കെ.രാജു<br>( വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈക്കം നിയോജക മണ്ഡലത്തിൽ കാവും കളവും സംരക്ഷിക്കൽ പദ്ധതി പ്രകാരം എത്ര കാവുകൾക്കും കളങ്ങൾക്കും ധനസഹായം നൽകി എന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡലത്തിലെ കാവുകൾക്ക് നൽകിയ ധനസഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | കാവ് | ഉടമസ്ഥന്റെ പേര് | നൽകിയ തുക |
|---|---|---|---|
| 2016-17 | തിരുനെല്ലി കാവ് | ചന്ദ്രമോഹൻ.കെ.എൻ, വൈക്കം | 20,000/- |
| | ശ്രീ.ഭഗവതി ധർമ്മ ശാസ്താ ക്ഷേത്രക്കാവ് | കെ.റ്റി. ഉണ്ണികൃഷ്ണൻ, മാനേജർ , കാരിക്കോട് പി.ഒ, കോട്ടയം | 20,000/- |
| 2017-18 | പെരുമ്പക്കാട്ട് കാവ് | പ്രസാദ്.പി.ജി, പെരുമ്പക്കാട് കൊതവറ പി.ഒ, വൈക്കം | 15,000/- |
| | ചിരട്ടപ്പറമ്പിൽ സർപ്പക്കാവ് | കെ.വിശ്വംബരൻ, വട്ടാനത്ത് , അംബികാമാർക്കറ്റ് | 15,000/- |
| | വെൺമേലിക്കാവ് | വി.എം.ദേവിദാസൻ, വെൺമേലിൽ വീട്, മുത്തേടത്തുകാവ്, വൈക്കം | 15,000/- |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ജി.ഒ. (ആർ.റ്റി.) 485/16 തീയതി 24.12.2016 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി ഉത്തരവ് പ്രകാരം ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ ഓരോ വർഷവും തിരഞ്ഞെടുക്കാറുണ്ട്. ജില്ലാടിസ്ഥാനത്തിൽ വർഷം തോറും അപേക്ഷകൾ ക്ഷണിക്കുകയും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്റ്റി) ചെയർ പേഴ്സണായ ഒൻപത് അംഗ സംസ്ഥാനതല വിദഗ്ധ കമ്മിറ്റിയുടെ തീരുമാന പ്രകാരം അർഹമായ കാവുകൾ തിരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകി വരുന്നു. 2016-17 വർഷത്തിൽ കാവ് സംരക്ഷണത്തിനായി 14,81,250/- രൂപയും 2017-18 ൽ 8,78,350/- രൂപയും 2018-19 ൽ 6,01,800/- രൂപയും സംസ്ഥാനത്ത് ആകെ വിതരണം ചെയ്തിട്ടുണ്ട്. |

Sajeevan

സെക്ഷൻ ഓഫീസർ